(ബി) ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്കും ബഡ്ജറ്റ് വിഹിതമായി 2013-14 വർഷത്തിലും 2014-15 വർഷത്തിലും അനുവദിച്ച തുകയുടെ വിശദാംശം നൽകാമോ ;

(സി) ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽനിന്നും വിവിധ ആനുകൂല്യങ്ങൾക്കായി എത്ര തുകയാണ് 2013-14, 2014-15 വർഷങ്ങളിൽ അനുവദിച്ചിട്ടുള്ളത് ; കണക്ക് പ്രത്യേകമായി പ്രസിദ്ധീകരിക്കാമോ ;

(ഡി) ഏറ്റവും കൂടുതൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിരിക്കുന്ന ക്ഷേമനിധി ബോർഡ് ഏത് ; എത്ര അംഗങ്ങൾ ; വിശദാംശം നൽകാമോ ; പ്രസ്തുത ബോർഡ് 2013-14, 2014-15 വർഷങ്ങളിൽ എത്ര തുകയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലാണ് ഏറ്റവും കൂടുതൽ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബോർഡിൽ ആകെ 2333640 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആനുകൂല്യ വിതരണം സംബന്ധിച്ചുള്ള വിവരങ്ങൾക്ക് അനുബന്ധം കണ്ടാലും.

ഐ.ടി. കമ്പനികളിലെ തൊഴിൽ സാഹചര്യങ്ങൾ

229 (921) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. കമ്പനികളിലെയും വ്യവസായ പാർക്കുകളിലേയും തൊഴിൽ സാഹചര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുമ്പോൾ തൊഴിൽ സാഹചര്യങ്ങൾ സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥകൾ നിഷ്കർഷിക്കാറുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001-ലെ ഐ.റ്റി. പോളിസി നിർദ്ദേശിച്ചത് പ്രകാരം, പേയ്മെന്റ് ഓഫ് വേജസ് ആക്ട്, 1936, മിനിമം വേജസ് ആക്ട് 1948, കോൺട്രാക്ട് ലേബർ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1970 ആന്റ് റൂൾസ് 1974, കേരള ഷോപ്പ്സ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960 ആന്റ് റൂൾസ് 1961, കാഷ്വൽ ടെമ്പററി ബദ്ലി വർക്കേഴ്സ് വേജസ് ആക്ട് 1989 ആന്റ് റൂൾസ് 1993, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് 1958 ആന്റ് റൂൾസ് 1959, മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട്, 1961 & റൂൾസ് 1964 ഫാക്ടറീസ് ആക്ട് 1948 ആന്റ് റൂൾസ് 1957 എന്നീ വിവിധ തൊഴിൽ നിയമങ്ങളിലെ വ്യവസ്ഥകളിന്മേലുള്ള വകുപ്പുതല പരിശോധനകൾ ഉദാരമാക്കിക്കൊണ്ട് സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം 27-7-2002-ലെ ജി.ഒ. (എം.എസ്.) നമ്പർ 55/2002/തൊഴിൽ നമ്പർ ഉത്തരവിലൂടെ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഗുരുതരമായ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യാൽ മാത്രമേ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയുള്ളൂ. സർട്ടിഫിക്കറ്റ് സമർപ്പിക്കാത്ത സ്ഥാപനങ്ങൾ പരിശോധിക്കുന്ന തിനുള്ള അവകാശം ഇതിനായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കുണ്ട്.

സംസ്ഥാനത്തെ ഐ.റ്റി. മേഖലയിലെ സ്ഥാപനങ്ങൾ, കേരള ഷോപ്പ്സ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നവയാണ്. ടി മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി, കേരള ഷോപ്പ്സ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമംപോലെ കേരള ഇൻഫർമേഷൻ ടെക്നോളജി എംപ്ലോയീസ് ബിൽ 2009 (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ് ആന്റ് വെൽഫയർ) എന്ന പേരിൽ ഒരു കരട് ബിൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. ഐ.റ്റി. മേഖലയിലെ സ്ഥാപനങ്ങളെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ വകുപ്പ് 6, 9, 10, 11, 20 എന്നിവയിൽ നിന്നും ചില നിബന്ധനകളോടെ ഒഴിവാക്കിയിട്ടുണ്ട്. ഇത് അനുസരിച്ച് ഐ.റ്റി. സ്ഥാപനങ്ങളിലെ ജോലി സമയം ക്രമീകരിച്ച് ഷിഫ്റ്റ് സമ്പ്രദായത്തിലും flexi time വ്യവസ്ഥയിലും പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്ത് ഐ.റ്റി. മേഖലയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് നോട്ടീസ് കൊടുക്കാതെയുള്ള പിരിച്ചുവിടൽ, ദേശീയ ഉത്സവാവധികൾ നൽകാതിരിക്കുക, അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് നിയമാനുസൃതമായി നൽകേണ്ട കോമ്പൻസേറ്ററി ഹോളീഡേയും വേതനവും നിഷേധിക്കുക മുതലായ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ നിയമലംഘനം നടത്തിയതായി ബോദ്ധ്യപ്പെട്ട തൊഴിൽ ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ഐ.ടി.ഐ. പരീക്ഷാകേന്ദ്രം മാറ്റാൻ നടപടി

230 (922) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐ.-യിലെ വിവിധ ട്രേഡുകളിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി നടത്തുന്ന പരീക്ഷകൾ സാധാരണയായി എവിടെയെല്ലാംവച്ചാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ പ്രസ്തുത പരീക്ഷാ കേന്ദ്രം തിരുവനന്തപുരമായി തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഇത് വടക്കൻ ജില്ലകളിലുള്ള ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പരീക്ഷാകേന്ദ്രം അതാത് ഐ.ടി.ഐ.-കളിലോ ജില്ലകളിലോ ഏതെങ്കിലും ഐ.ടി.ഐ.-കളിലോ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐ.യിലെ പരീക്ഷകൾ നടത്താറില്ല. എന്നാൽ കെ.എസ്.ഇ.ബി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതും നിശ്ചിത ടെക്നിക്കൽ യോഗ്യതയുള്ളതുമായ ഉദ്യോഗസ്ഥർക്ക് ഐ.ടി.ഐ.യിലെ വിവിധ ട്രേഡുകളിൽ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനായി നടത്തുന്ന പരീക്ഷകൾ തിരുവനന്തപുരം, ചാക്ക ഗവ. ഐ.ടി.ഐ.യിൽ വച്ചും പ്രാക്ടിക്കൽ പരീക്ഷകൾ തിരുവനന്തപുരം ജില്ലയിലെ ചാക്ക, ആര്യനാട്, ആറ്റിങ്ങൽ, ധനുവച്ചപുരം എന്നീ 4 ഗവൺമെന്റ് ഐ.ടി.ഐ.കളിൽ വച്ചുമാണ് നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly